2



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ

ഡോ. എ എം ഉണ്ണികൃഷ്ണൻ

Volume 2

MALAYALAM LANGUAGE
Chattampiswami Patanangal (3 Vols.)

STUDY
*Edited by* Dr. A. M. Unnikrishnan

Rights Reserved
First Published September 2021

PUBLISHERS
P. K. Parameswaran Nair Smaraka Trust, Thiruvananthapuram,

D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

# ഉള്ളടക്കം

## വാല്യം രണ്ട്

### 6. ഗവേഷണവിജ്ഞാനീയം


**യുക്തിചിന്തയുടെ സൂര്യതേജസ്സ്** 939
ഡോ. വി സി ശ്രീജൻ

**മലയാളധൈഷണികചരിത്രത്തിൽ** 951
ഡോ. എം ശ്രീനാഥൻ

**അന്തർവൈജ്ഞാനികത** 961
പ്രവീൺരാജ് ആർ എൽ.

**ജ്ഞാനമണ്ഡലവും സ്രോതസ്സുകളും** 967
കീർത്തി വിദ്യാസാഗർ

**ഗവേഷണവഴി** 1016
ഇ കെ പ്രേംകുമാർ

**ആദിഭാഷാഗവേഷണം** 1021
ഡോ. അശോക് ഡിക്രൂസ്

**വേദാധികാരം: രീതിശാസ്ത്രവും ആഖ്യാനവും** 1036
ഡോ. സി ഗണേഷ്

**വേദാധികാരനിരൂപണത്തിന്റെ യുക്തി** 1047
ഡോ. മുനീർ ശൂരനാട്

**താർക്കികയുക്തി** 1057
പ്രൊഫ. കെ എസ് ആർ പണിക്കർ

**തർക്കശാസ്ത്രസമീപനങ്ങൾ** 1067
ഡോ. ആദർശ് രത്നാകരൻ

**ഗവേഷകൻ** 1076
ഡോ. ഡി ബഞ്ചമിൻ

**ഗവേഷണപദ്ധതി** 1083
ഡോ. എൻ മുകുന്ദൻ

## 7. ജ്ഞാനനിർമ്മാണവിജ്ഞാനീയം


ചട്ടമ്പിസ്വാമികളും ഹിന്ദുധർമവും
ജി അമൃതരാജ് 1091

ധിഷണയുടെ വിഭുത്വം
ടി ജി മോഹൻദാസ് 1126

രാഷ്ട്രീയദൈവശാസ്ത്രത്തിന്റെ വൈരുദ്ധ്യങ്ങൾ
ഡോ. ടി ടി ശ്രീകുമാർ 1132

സവിശേഷതകളുടെ സർവ്വകലാശാല
ഡോ. ജി രാജേന്ദ്രൻപിള്ള 1158

ആധുനികശാസ്ത്രവും ആദ്ധ്യാത്മികചിന്തകളും
ഡോ. സി ജി രാമചന്ദ്രൻനായർ 1167

ആധുനികമായ വീക്ഷണം
ഡോ. എസ് ബാലരാമകൈമൾ 1182

കേരളത്തിന്റെ വ്യാസശങ്കരൻ
ഡോ. രശ്മി ആർ ആർ. 1190

ജ്ഞാനത്തിനുവേണ്ടി നടത്തിയ വിപ്ലവങ്ങൾ
ഡോ. കവിതാരാജ് എൻ. 1195

ഗവേഷണം
ഡോ. വി രാജീവ് 1200

ഭാഷാശാസ്ത്രജ്ഞൻ
ഡോ. എം ശ്രീനാഥൻ 1216

ഫോക്‌ലോർസംസ്കാരം
ഡോ. സി ആർ അനിത 1251

സ്ത്രീപക്ഷആധുനികത
ഡോ. എം ശ്രീനാഥൻ 1264

പുരാവൃത്തപാഠമാതൃക
ഡോ. എം ശ്രീനാഥൻ 1278

ആധുനികാനന്തരചിന്തയുടെ ആദിദർശനങ്ങൾ
രഘുനാഥൻ പറളി 1290

## 8. ഭാഷാശാസ്ത്രവിജ്ഞാനീയം


**ആദിദ്രാവിഡത്തിൽനിന്നു സംസ്കൃതത്തിലേക്ക്** 1315

ഡോ. പൂജപ്പുര കൃഷ്ണൻനായർ

**പ്രാകൃതം-നാഗഭാഷ -സാഹിത്യഭാഷാചരിത്രത്തിന്റെ ആർക്കിയോളജി** 1341

ഡോ. സുവർണ്ണ നാലപ്പാട്ട്

**ഭാഷാദർശനം** 1357

ഡോ. ആർ വി എം ദിവാകരൻ

**'ആദിഭാഷ'യുടെ ഭാരതീയപഠനസാധ്യത** 1375

ഡോ. പി ശ്രീകുമാർ

**നാമപഠനങ്ങൾ** 1383

ഡോ. സെയ്തലവി സി.

**വൈയാകരണൻ** 1390

രോഹിണി എ എം.


## 9. ഭാഷാവിജ്ഞാനീയം


**വൈജ്ഞാനികമലയാളപ്രതിഷ്ഠ** 1407

ഡോ. നിത്യ പി വിശ്വം

**ശാസ്ത്രീയതയും വൈജ്ഞാനികമലയാളവും** 1420

ഡോ. ടി ജിതേഷ്

**മലയാളത്തിന്റെ വൈജ്ഞാനികപദവിസ്ഥാപനം** 1429

അജീഷ് ജി ദത്തൻ

**ഗദ്യകാരൻ** 1439

ഡോ. എം ജൽസ

**ദേശനാമങ്ങൾ** 1464

ഡോ. കെ എം പ്രിയദർശൻലാൽ

**സ്ഥലനാമപഠനം** 1479

ഡോ. വിളക്കുടി രാജേന്ദ്രൻ

## 10. സാഹിത്യവിജ്ഞാനീയം

**ബ്രഹ്മവിദ്യയിൽ കാവ്യലഹരിയിൽ** 1489
ഡോ. ദേശമംഗലം രാമകൃഷ്ണൻ

**ഗ്രന്ഥപാരായണം ജ്ഞാനാന്വേഷണം** 1495
ഡോ. കെ ജി സുധീർ

**കവിതയിൽ** 1515
ഡോ. ശ്രീജിത് ജി.

**നോവലിൽ** 1531
ഡോ. ശ്രീശൈലം ഉണ്ണിക്കൃഷ്ണൻ

**നാടകത്തിൽ** 1624
ഡോ. രാജാവാര്യർ

**ആട്ടക്കഥയിൽ** 1633
പ്രശാന്ത് നാരായണൻ

**ജീവചരിത്രത്തിൽ** 1638
ജെ സന്ദീപ്

**എ വി ശങ്കരന്റെ ചട്ടമ്പിസ്വാമിസാഹിതീസപര്യ** 1653
ഡോ. വി വി പ്രേമലതാവാര്യർ

**ജഗതി വേലായുധൻനായരുടെ ചട്ടമ്പിസ്വാമിസാഹിത്യം** 1689
ഡോ. റീജാ രവീന്ദ്രൻ

**പി കെ പരമേശ്വരൻനായരുടെ രചന** 1719
ഡോ. ശ്രീലത എം ജി.

**ചട്ടമ്പിസ്വാമികളെക്കുറിച്ചുള്ള ആദ്യത്തെ മലയാളകാവ്യം** 1722
പ്രൊഫ. വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള

**തമിഴിൽ** 1730
കെ ഗോമതിയമ്മാൾ

**സംസ്കൃതത്തിൽ - ഒന്ന്** 1739
ഡോ. ജി അശോകൻ

**സംസ്കൃതത്തിൽ - രണ്ട്** 1745
ഡോ. ലക്ഷ്മീ വിജയൻ വി ടി.

**ഹിന്ദിയിൽ** 1756
ഡോ. കെ സി അജയകുമാർ

**ഇംഗ്ലീഷിൽ - ഒന്ന്** 1767
ആത്മാരാമൻ

**ഇംഗ്ലീഷിൽ - രണ്ട്** 1770
ഡോ. ബി ശ്രീദേവി

**ഇംഗ്ലീഷിൽ - മൂന്ന്** 1791
ഡോ. സുജാകുറുപ്പ് പി എൽ.

# പുരാവൃത്തപഠനമാതൃക

## ഡോ. എം ശ്രീനാഥൻ

ചട്ടമ്പിസ്വാമികളുടെ രചനകളിൽ സുപ്രധാനമായ ഗ്രന്ഥമാണ് 1913ൽ പ്രസിദ്ധീകൃതമായ പ്രാചീനമലയാളം (ഒന്നാംഭാഗം). ഇതിന്റെ രണ്ടാം ഭാഗവും കണ്ടെടുത്ത് 2010ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒന്നാംഭാഗത്തെ മുൻനിറുത്തിയുള്ള ചർച്ചയാണ് ഈ പ്രബന്ധം (പ്രബന്ധശരീരത്തിൽ പ്രാചീനമലയാളം എന്നുദ്ദേശിക്കുന്നത് ഒന്നാംഭാഗത്തെയാണ്). കേരള ചരിത്രവിജ്ഞാനീയത്തിൽ ഇടംനേടിയിട്ടുള്ള ഈ കൃതിയുടെ ചരിത്രപരമായ പ്രാധാന്യം എന്താണ്? 'ചട്ടമ്പിസ്വാമികളുടെ പ്രാചീനമലയാളം ഒരു ചരിത്രമെന്ന നിലയിലല്ല ചരിത്രരചനയെ സഹായിക്കുന്ന ഒരുപാദാനമെന്ന നിലയിലാണിന്നു പ്രസക്തം' എന്നാണു ഡോക്ടർ രാജൻഗുരുക്കൾ അഭിപ്രായപ്പെട്ടത് (2010 - പ്രാചീനമലയാളം II അവതാരിക). ഈ അഭിപ്രായത്തെ സാധൂകരിക്കാനോ നിരാകരിക്കാനോ ഈ പ്രബന്ധം ഉദ്ദേശിക്കുന്നില്ല. ചട്ടമ്പിസ്വാമികളുടെ ചരിത്രസംബന്ധമായ ഇടപെടലായിരുന്നു 'പ്രാചീനമലയാളം' എന്നനിലയ്ക്കുള്ള പരിഗണനയോടെയാണ് ഈ പഠനം നടത്തിയിട്ടുള്ളത്. സ്വാമികൾ ചരിത്രകാരനല്ല. അതുകണ്ടുതന്നെ ചരിത്രരചനാരീതിശാസ്ത്രം പിൻതുടർന്നു രചിച്ച കൃതിയുമല്ലിത്. അക്കാലത്തെ ചരിത്ര ഉപാദാനങ്ങളെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ടു ചരിത്രത്തെ യുക്തിഭദ്രമാക്കാനുള്ള സ്വാമികളുടെ ഇടപെടലായിരുന്നു ഈ രചന. പ്രചാരം നേടിയിരിക്കുന്ന, ചരിത്രസ്രോതസ്സുകളായി പരിഗണിക്കുന്ന കേരളോത്പത്തി, കേരളമാഹാത്മ്യം, കേരളാവകാശക്രമം എന്നിവയിൽ ഉള്ളടങ്ങുന്ന പുരാവൃത്തചരിത്രത്തെ യുക്തിവിചാരണചെയ്തുകൊണ്ടു ചരിത്രനിർമിതിയുടെ ഒരു ബദൽസാധ്യത അന്വേഷിക്കുകയാണു സ്വാമികൾ. ഇന്നു നോക്കുമ്പോൾ വസ്തുതാപരമായ വിയോജിപ്പുകൾ തോന്നുക സ്വാഭാവികമാണ്. അത്തരം വിടവുകൾ കണ്ടെത്തി പരിശോധിക്കുകയല്ല, മറിച്ച്; ഈ കൃതിയിൽ അരങ്ങേറിയ പുരാവൃത്താപഗ്രഥനത്തെ സവിശേഷമായി പരിഗണിച്ചു പുരാവൃത്തം, ചരിത്രം, ആഖ്യാനം എന്നീ ഘടകത്രയബന്ധത്തെ വിശദീകരിക്കുകയാണ് ഇവിടെ ലക്ഷ്യമിടുന്നത്. മലയാളചരിത്രരചനാപരിതഃസ്ഥിതിയിൽ ഇത്തരമൊരു പാഠാന്തരപരിശോധന ആദ്യമായി പ്രയോഗത്തിൽ വരുത്തിയതു പ്രാചീനമലയാളത്തിലൂടെ ചട്ടമ്പിസ്വാമികളാണ്. ചട്ടമ്പിസ്വാമികളുടെ സമാധിക്കുശേഷം പാശ്ചാത്യധൈഷണികമേഖലയിൽ പ്രയോഗത്തിൽവന്ന പലചിന്തകളുടെയും മൂലം ചട്ടമ്പിസ്വാമികളുടെ ഈ രചനയിൽ നമുക്കു പരിചയപ്പെടാമെന്നതാണ് ഈ കൃതിയുടെ രീതിശാസ്ത്രമികവ്. സ്വാമികളുടെ പുരാവൃത്തപഠനത്തിന്റെ പ്രാധാന്യം മനസ്സി

ലാക്കണമെങ്കിൽ പുരാവൃത്തപഠനചരിത്രം ആമുഖമായി അറിയേണ്ടതുണ്ട്. ആഗോളപഠനസന്ദർഭത്തിൽ മലയാളത്തിന്റെ ഗവേഷണമൂലധനം വർധിപ്പിക്കുന്നതിൽ സ്വാമികൾ വഹിച്ച പങ്കെന്തെന്നറിയാനും ഇതുപകരിക്കും.

## പുരാവൃത്തപഠനചരിത്രം

പുരാവൃത്തങ്ങൾ അഥവാ മിത്തുകൾ എല്ലാസംസ്കാരത്തിന്റെയും ഭാഗമായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയുടെ പഠനചരിത്രം പരിശോധിച്ചാൽ, പാശ്ചാത്യദേശത്താണ് തുടക്കമെന്നുകാണാം. ഗ്രീക്കുതത്ത്വചിന്താപഠനങ്ങളുടെ ഭാഗമായുള്ള പുരാവൃത്തപരാമർശങ്ങളിൽ പ്രകടമാകുന്ന രണ്ടുവീക്ഷണങ്ങളുണ്ട്. പ്ലേറ്റോ ഇവയെ അസത്യപ്രസ്താവനകളായേ പരിഗണിച്ചുള്ളൂ. യാഥാർത്ഥ്യത്തിന്റെ അംശങ്ങൾ അതിലുണ്ട്. അതുകൊണ്ട് പൂർണമായും അസത്യമായി തള്ളിക്കളയേണ്ടതില്ലെന്ന നിലപാടായിരുന്നു അരിസ്റ്റോട്ടിൽപക്ഷത്തിന്റേത്. ചരിത്ര ഉപാദാനമായുള്ള പരിഗണന അവർ നല്കി. അന്യാപദേശകഥകളായി പരിഗണിച്ചുള്ള വ്യാഖ്യാനങ്ങൾക്കായിരുന്നു അക്കാലത്തു മുൻഗണന. പ്രകൃതിപ്രതിഭാസങ്ങളുമായോ മതവുമായോ മാനുഷമൂല്യങ്ങളുമായോ ബന്ധപ്പെട്ട അർത്ഥം അടങ്ങിയിട്ടുണ്ട് എന്നും കണ്ടെത്തിയിരുന്നു. പില്ക്കാല യൂറോപ്യൻചിന്താപദ്ധതികളുടെ ഭാഗമായും പുരാവൃത്തപഠനങ്ങൾ ഉണ്ടായിട്ടുണ്ട്. അധിനിവേശഭരണാധികാരികളും മിഷനറിമാരും അധിനിവേശസമൂഹങ്ങളെ മനസ്സിലാക്കാൻ ഭാഷാപഠനത്തോടൊപ്പം പുരാവൃത്തപഠനത്തിനും പ്രാധാന്യംനല്കി. സമൂഹങ്ങളുടെ മനസ്സറിയാൻ പുരാവൃത്തപഠനത്തിലൂടെക്കഴിയും എന്നതായിരുന്നു ഈ താത്പര്യത്തിന്റെ പിന്നിലുണ്ടായിരുന്നത്. ഓരോ സമൂഹത്തിന്റെയും അടിസ്ഥാനസ്വഭാവം മിത്തിൽ പ്രതിഫലിക്കുന്നുണ്ട് എന്ന താത്പര്യമായിരുന്നു ഈ ഉദ്യമം നടത്താൻ അവരെ പ്രേരിപ്പിച്ചത്. പതിനെട്ടാംനൂറ്റാണ്ടുമുതൽ ഗ്രീക്കുറോമൻക്ലാസ്സിക് കൃതികളുടെ പഠനത്തിൽ പുരാവൃത്തപഠനവും പ്രധാനമായി. അങ്ങനെ അന്യാപദേശവ്യാഖ്യാനങ്ങൾക്കു പ്രാമുഖ്യംകൈവന്നു. ക്രമേണ യുക്തിവാദചിന്തയിലേക്കു യൂറോപ്യൻപാരമ്പര്യം വികസിച്ചുയർന്നതോടെ പുരാവൃത്തങ്ങളിലെ ഓരോ പ്രസ്താവനയും യുക്തിപരിശോധനയ്ക്കു വിധേയമായി. പ്രസ്താവനായുക്തികളുടെ വാസ്തവികാന്വേഷണങ്ങളായി ത്തീർന്നു പുരാവൃത്തപഠനങ്ങൾ. യഥാർത്ഥസംഭവങ്ങൾ ആണെന്നും അല്ലെന്നുമുള്ള പക്ഷങ്ങളായി പിരിഞ്ഞുനിന്നുള്ള അന്വേഷണങ്ങളുണ്ടായി.

പതിനെട്ടാംനൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ മിത്തുകളുടെ സാർവ്വലൗകികസ്വഭാവം അന്വേഷിച്ചറിയാൻ തുടങ്ങി. ഭാഷകളുടെ താരതമ്യപഠനം മിത്തുകളുടെ താരതമ്യപഠനത്തിനു വഴിയൊരുക്കി. ഇന്തോ-യൂറോപ്യൻ ഭാഷാകുടുംബപഠനത്തിന്റെ ഭാഗമായി പുരാവൃത്തപഠനവും ശക്തമായ ഒരു ശാഖയായി വികസിച്ചു. പ്രകൃതിപ്രതിഭാസങ്ങളുടെ ഉത്പത്തിസംബന്ധിക്കുന്ന മിത്തുകളുടെ അന്വേഷണങ്ങൾക്കായിരുന്നു അക്കാലത്തു പ്രാധാന്യം ലഭിച്ചത്. മാക്സ് മുള്ളർ ഭാഷയുടെ രോഗമായാണു മിത്തുകളെ പരിഗണിച്ചത്. അവ യുക്തിഹീനമായ പ്രതിനിധാനം എന്ന ശക്തമായ ആശയമായി

പാശ്ചാത്യചിന്തകർക്കിടയിൽ നിലനിന്നു. ഫ്രോയിഡിന്റെ മനോവിശകലനത്തിന്റെ ഭാഗമായും മിത്തുകളുടെ പഠനം നടന്നിട്ടുണ്ട്. ഫോക്‌ലോർപഠനത്തിന്റെ ഭാഗമായും പുരാവൃത്തപഠനങ്ങൾ നടന്നു. നരവംശശാസ്ത്രവും ഈ മേഖലയിൽ ഒട്ടേറെ പഠനങ്ങൾ നടത്തിയിട്ടുണ്ട്.ജെയിംസ് ഫ്രെസെർ, ഗ്രിം സഹോദരങ്ങൾ, മർസെൽ മൗസ്, ഇവാൻപ്രിച്ചാർഡ്, മലിനൊസ്കി, റാഡ്ക്ലിഫ് ബ്രൗൺ തുടങ്ങിയ ഒട്ടേറെപ്പേർ ഈ മേഖലയിൽ സംഭാവന ചെയ്തിട്ടുണ്ട്. മിത്തുകളുടെ പ്രകൃതവും ധർമവും സാമൂഹികബന്ധങ്ങൾ നിലനിറുത്തുന്നതിൽ അവ വഹിക്കുന്ന പങ്ക് ഇവയൊക്കെ അറിയാനുള്ള ശ്രമമായിരുന്നു നരവംശപഠനങ്ങളിൽ കാണുന്നത്. ഭാഷാഘടനയുമായി ബന്ധപ്പെടുത്തിയുള്ള പുരാവൃത്തപഠനം കൂടുതൽ ശക്തിയാർജിച്ചത് ഘടനാവാദസമീപനത്തിന്റെ കാലത്താണ്. ഫ്രഞ്ചുനരവംശശാസ്ത്രജ്ഞനായ ക്ലാഡ് ലെവിസ്ട്രൗസ് പുരാവൃത്തപഠനത്തിൽ സസ്യൂറിന്റെ ഘടനവാദസമീപനം പ്രയോഗിക്കുകയും മിത്തുകളിലെ സാർവലൗകികഘടന കണ്ടെത്തി വിശദീകരിക്കുകയും ചെയ്തു. 1955ൽ പ്രസിദ്ധീകരിച്ച 'സ്ട്രക്ചറൽ സ്റ്റഡി ഓഫ് മിത്ത്'' ഈ മേഖലയിലുണ്ടായ പഠനങ്ങളിൽ പ്രധാനമാണ്. ദ്വിമുഖപ്രതിയോഗങ്ങൾ അടിസ്ഥാനമാക്കിയുള്ള പഠനരീതിയായിരുന്നു അത്. ഒരു സന്ദർഭത്തിൽ സംഭവ്യമാകാവുന്ന പ്രതിയോഗബന്ധമുള്ള രണ്ടിനങ്ങൾ ഉണ്ടെന്നും അവ തമ്മിലുള്ള പ്രതിയോഗബന്ധമറിഞ്ഞുകൊണ്ടേ അർത്ഥഗ്രഹണം സാദ്ധ്യമാകുവെന്നുമുള്ള സമീപനമായിരുന്നു. സാരാംശത്തിൽ വിപരീതമായ രണ്ടംശങ്ങൾ ഉണ്ടെന്നതാണ് ഈ ദ്വിമുഖത. മിത്തുകളുടെ ആന്തരികഘടനാന്വേഷണത്തിനാണ് ഘടനാവാദികൾ ഊന്നൽനല്കിയത്.

ഘടനാവാദാനന്തരചിന്തകളും മിത്തുകളുടെ പഠനത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്; പ്രത്യേകിച്ച് സാഹിത്യപഠനത്തിന്റെ ഭാഗമായി.

ഹാർവാർഡ് സർവകലാശാലാ പ്രൊഫസറായ മൈക്കിൾ വിട്സൽ (2012) ലോകത്തെ അതിപുരാതനപുരാവൃത്തങ്ങളുടെ താരതമ്യപഠനം പൂർത്തിയാക്കി. ഗോണ്ടുവാനാപ്രദേശങ്ങളിൽ (ആഫ്രിക്ക, മെലനേഷ്യ, ഓസ്ട്രേലിയ) മനുഷ്യോത്പത്തിയുമായി ബന്ധപ്പെട്ട മിത്തുകളും ലൗറേഷ്യ (യൂറേഷ്യ, അമേരിക്ക) പ്രദേശത്തു പ്രകൃതിപ്രതിഭാസങ്ങളുമായി ബന്ധപ്പെട്ടവയുമാണ് അധികമായി കാണുന്നത്. ഇന്ത്യയിൽ രണ്ടുഗണത്തിലും പെട്ടവയു(എം ശ്രീനാഥൻ et.al 2008)ണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. പുരാവൃത്തങ്ങളെ ഭാവനാസൃഷ്ടികൾ മാത്രമായി കാണാനാവില്ല. അവയ്ക്ക് സാമൂഹികവും രാഷ്ട്രീയവുമായ അർത്ഥതലങ്ങളുണ്ട്. പുരാവൃത്തങ്ങളുടെ പഠനചരിത്രം പരിശോധിച്ചതിൽനിന്ന് ഓരോകാലത്തും രൂപപ്പെട്ടിരുന്ന ധൈഷണികമാതൃകകളുടെ അടിസ്ഥാനത്തിലുള്ള വിലയിരുത്തലുകൾ കാണാൻ കഴിയും. പുരാവൃത്തങ്ങൾ യാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യുന്നുണ്ടോ? യാഥാർത്ഥ്യവും പുരാവൃത്തങ്ങളും തമ്മിലുള്ള ബന്ധം പരിശോധിച്ചവരെല്ലാം അവ യാഥാർത്ഥ്യത്തിന്റെ പ്രതിനിധാനങ്ങൾ അല്ലെന്നു കണ്ടെത്തിയിട്ടുണ്ട്. പുരാവൃത്തങ്ങൾക്കു സാമൂഹികവും രാഷ്ട്രീയവുമായ അർത്ഥതലങ്ങളുണ്ട്. ആല

ജാരികഭാഷ പുരാവൃത്തങ്ങളെ സാഹിത്യലോകവുമായി അടുപ്പിക്കുന്നു. നാടകീയമായ ഒരു ഭാവനാപ്രതിനിധാനമായിട്ടും അവയെ പരിഗണിച്ചിട്ടുണ്ട്. മതാചാരപരമായ പുരാവൃത്തങ്ങളും പ്രകൃതിപ്രതിഭാസങ്ങളുടേതായ പുരാവൃത്തങ്ങളുമുണ്ട്. മതാചാരവുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങൾ ഏകാർത്ഥം ഉള്ളവയും പ്രകൃതിയുമായി ബന്ധപ്പെട്ടവ ബഹ്വർത്ഥം ഉള്ളവയുമാണ്. പുരാതനഗ്രീക്കിലെ മതപരമായ ആഖ്യാനത്തിൽനിന്ന് സാമൂഹികരാഷ്ട്രീയാഖ്യാനങ്ങളിലേക്കുള്ള പുരാവൃത്തവികാസം കാണാം.

പൈതൃകത്തിന്റെ ആധികാരികത അംഗീകരിക്കലാണ് പുരാവൃത്തങ്ങളുടെ ധർമ്മം. രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ അർത്ഥങ്ങളും ധർമ്മങ്ങളും ഇവയ്ക്കുണ്ട്. വിവിധതരം മിത്തുകളെ തിരിച്ചറിഞ്ഞു വർഗീകരിച്ചിട്ടുണ്ട്. മതം, സാഹിത്യം, കല, സംഗീതം, ചരിത്രം, ശാസ്ത്രം തുടങ്ങി ഒട്ടേറെമേഖലകളിൽ മിത്തുകളെ ബന്ധപ്പെടുത്തികൊണ്ടുള്ള പഠനങ്ങളിലൂടെ പുരാവൃത്തപഠനം ഇന്നും സജീവമാണ്.

**പുരാവൃത്തവും ചരിത്രവും**

ആദികാലചരിത്രസ്രോതസ്സായിട്ടാണു മിത്തുകളെ പരിഗണിക്കുന്നത്. ചരിത്രവും പുരാവൃത്തവും വ്യത്യസ്തമാണെന്നും പരസ്പരപൂരകമാണെന്നും രണ്ടഭിപ്രായങ്ങൾ പാശ്ചാത്യപഠനത്തിലുണ്ടായിട്ടുണ്ട്. ഇവ രണ്ടും സാമൂഹികകഥകളാണ്. രണ്ടിലും പൊതു ഇടം ഭാഷയാണ്. ആഖ്യാനമാണു, കഥപറച്ചിലുമാണ്. രണ്ടുതരം വ്യവഹാരങ്ങളാണെങ്കിലും യഥാതഥവും പുരാവൃത്തപരവുമായ ചേരുവയും സാമൂഹികവ്യവസ്ഥയുമായുള്ള ബന്ധവും രണ്ടിലുമുണ്ട്. തെളിവുകളില്ലാത്ത ആഖ്യാനമാണെന്നും ഒരിക്കലും സംഭവിക്കാത്ത യാഥാർത്ഥ്യമാണെന്നുമുള്ള നിരീക്ഷണങ്ങളുമുണ്ടായിട്ടുണ്ട്. എങ്കിലും ലോകത്തെ എങ്ങനെ കാണണമെന്ന് അവ നമ്മെ പ്രേരിപ്പിക്കുന്നുവെന്നത് പുരാവൃത്തത്തിന്റെ ശക്തിയാണെന്ന് അംഗീകരിച്ചേ മതിയാവൂ. എല്ലാം സത്യമായി വിശ്വസിപ്പിക്കുന്നു. അസത്യങ്ങളുടെ ജ്ഞാനവ്യവസ്ഥയായും രാഷ്ട്രീയവ്യവസ്ഥയായുമൊക്കെ വ്യത്യസ്തരീതിയിൽ മിത്തുകളെ നോക്കിക്കാണുന്നുണ്ട്. എന്നാൽ ഇത്തരത്തിൽ വിപുലമായ പുരാവൃത്തപഠനസഞ്ചയം രൂപപ്പെടുന്നതിനു വളരെമുൻപാണു ചട്ടമ്പിസ്വാമികൾ മലയാളത്തിൽ ആദ്യമായി പുരാവൃത്തപഠനം നടത്തിയത്. ആ ആദ്യപുരാവൃത്തപഠനത്തിന്റെ മലയാളവഴി തിരിച്ചറിയുകയും വിവരിക്കുകയുമാണ് തുടർന്നുള്ള ഭാഗത്ത്.

**ചട്ടമ്പിസ്വാമികളുടെ പുരാവൃത്തപഠനം**

ചരിത്രവും ആഖ്യാനവും തമ്മിലുള്ള ഭിന്നത വെളിപ്പെടുത്തുന്ന ചരിത്രപാഠം നിർമിച്ചെടുക്കാനാണു പുരാവൃത്തം എങ്ങനെ നിർമ്മിക്കുകയായിരുന്നുവെന്ന പരിശോധനയ്ക്ക് ഊന്നൽനല്കിയ വിശകലനപദ്ധതി സ്വാമികൾ രൂപവത്കരിച്ചത്. പുരാവൃത്തങ്ങൾ യാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യുന്നുണ്ടോ? എന്താണ് അതിന്റെ സാമൂഹികമായ അംഗീകാരത്തിനു പിന്നി

ലിലുള്ളത്? ഇവിടെ സാമൂഹികമായും സാംസ്കാരികമായും പിന്തുണയ്ക്കുന്ന എല്ലാഘടകങ്ങളെയും തിരിച്ചറിയുകയെന്നതു സ്വാമികൾ പുരാവൃത്തപഠനത്തിന്റെ ഭാഗമാക്കി.

സ്കാന്ദപുരാണം, കേരളമാഹാത്മ്യം, കേരളോത്പത്തി എന്നിവയിലൂടെ സാധാരണമാക്കി അംഗീകരിപ്പിച്ച ഒരു പുരാവൃത്തമാണു പരശുരാമന്റെ സമുദ്രനിഷ്കാസനത്തിലൂടെയുള്ള കേരളോത്പത്തികഥ. ഈ പുരാവൃത്തം ചരിത്രമായി, വിശ്വാസമായിമാറിയ ഒരു സാമൂഹികകാലാവസ്ഥയിൽ, കേരളോത്പത്തികഥയിലെ സത്യാന്വേഷണത്തിന് ആരും ശ്രമിക്കാറില്ല. വിശ്വാസവും പുരാവൃത്തവും വസ്തുതാപരിശോധനയുടെ പരിധിയിൽ വരുന്നതുമല്ല. അധികാരം, ഭാഷ, ഭാവന എല്ലാം സംസ്കൃതത്തിൽ അഥവാ ബ്രാഹ്മണമേധാവിത്വത്തിൽ അകപ്പെട്ട ഒരു കാലഘട്ടത്തിന്റെ പുരാവൃത്തമാണിത്. മനുഷ്യരുടെയോ പ്രകൃതിപ്രതിഭാസങ്ങളുടെയോ പ്രാചീനപുരാവൃത്തഘടനയല്ല ഇതിനുള്ളത്. ഉത്ഭവകാലം പരിശോധിക്കുമ്പോൾ പൂർണമായും പില്ക്കാലത്തുള്ള പുരാവൃത്തമാണിതെന്നു ബോദ്ധ്യപ്പെടുന്നു.

കേരളചരിത്രത്തിൽ പ്രധാനമായി പരിഗണിക്കുന്ന ഒരുകൃതിയാണ് കേരളോത്പത്തി. അതെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്. കേരളത്തിലെ ബ്രാഹ്മണമേൽക്കോയ്മയെ സാധൂകരിക്കുന്ന ഒരു വ്യാഖ്യാനമായി ഇന്ന് അതിനെ തിരിച്ചറിയുന്നുണ്ട് (എം ശ്രീനാഥൻ 2016). ഇതുകൂടാതെ സ്കാന്ദപുരാണത്തിലെ സഹ്യാദ്രിഖണ്ഡം, കേരളമാഹാത്മ്യം എന്നിവയും കേരളോത്പത്തിചരിത്രം വ്യക്തമാക്കുന്നുണ്ട്. സ്വാമികളുടെ കാലത്തെ ഇത്തരം ചരിത്രരചനകളെ ഉപാദാനങ്ങളായി ഗണിച്ച് അവയെല്ലാം ബ്രാഹ്മണികതാത്പര്യസൃഷ്ടികളാണെന്ന ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി, ബദൽചരിത്രനിർമിതി വേണമെന്ന തോന്നിയതുകൊണ്ടാണ് സ്വാമികൾ ഇതിനെയെല്ലാം സാധൂകരിക്കുന്ന അടിസ്ഥാനപുരാവൃത്തത്തെ വിശകലനവിധേയമാക്കാൻ ശ്രമിച്ചത്. നൂറുവർഷങ്ങൾക്കുശേഷം പരശുരാമപുരാവൃത്തം ബ്രാഹ്മണവ്യവഹാരമാണെന്ന ചരിത്രഗവേഷകനായ എം ജി എസ് നാരായണൻ ഉൾപ്പടെയുള്ളവർ കണ്ടെത്തി. ഈ കണ്ടെത്തൽ പണ്ടേ സ്വാമികൾ നടത്തുകമാത്രമല്ല ബദൽപാരായണം നടത്തുകയും ചെയ്തിരുന്നു.

പുരാവൃത്തത്തിലെ സത്യാവസ്ഥയെക്കുറിച്ച്, യാഥാർത്ഥ്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുകയും അവയിൽ ഉള്ളടങ്ങുന്ന പൊരുൾ യുക്തിപരിശോധനയ്ക്കു വിധേയമാക്കുകയും ചെയ്യുന്ന രീതിശാസ്ത്രം മലയാളത്തിൽ സ്വാമികൾക്കുമുൻപ് ഉണ്ടായിട്ടില്ല. വിശ്വാസമായി വേരുറച്ചിരിക്കുന്ന പുരാവൃത്തത്തിന്റെ പാരായണം ഏറ്റെടുക്കുകയാണു ചെയ്തത്. ഇതൊരു ബദൽജ്ഞാനനിർമ്മിതിമാതൃകയാണ് മലയാളത്തിനു സംഭാവനചെയ്തത്.

കേരളോത്പത്തിസ്സംബന്ധമായ പരശുരാമപുരാവൃത്തത്തിലൂടെ സാധൂകരിച്ചിരിക്കുന്നതെന്ത് എന്ന വിമർശനാത്മകചിന്തയാണു സ്വാമികളെ പുരാവൃത്തവിശകലനത്തിലെത്തിച്ചത്. കാലകാലങ്ങളിലായി പറഞ്ഞുറച്ചതും

വിശ്വാസമായി വേരോടിയതുമായ ഈ പുരാവൃത്തത്തെ പഠനവിധേയമാക്കാനുള്ള തീരുമാനത്തെ അക്കാലത്തെ അക്കാദമികപരിതഃസ്ഥിതിയിൽ പരിശോധിക്കുമ്പോൾ അതുതന്നെ വിപ്ലവാത്മകമായ ഒരു ധൈഷണിക മുന്നേറ്റമായിരുന്നു എന്നു കാണാം. മൗലികമായ അക്കാദമിക ഇടപെടലും പുരാവൃത്തപഠനത്തിലെ പ്രഥമമലയാളമാതൃകാനിർമിതിയും ബദൽവ്യവഹാരനിർമിതിയുമായിരുന്നു ചട്ടമ്പിസ്വാമികളുടേത്. ഈ പുരാവൃത്തം കേരളസമൂഹത്തിൽ അടിച്ചേല്പിച്ചിരിക്കുന്ന വിശ്വാസപ്രമാണം എന്താണ്? 'ഈ മലയാളഭൂമി പരശുരാമക്ഷേത്രം ആകുന്നു. പരശുരാമൻ ബ്രാഹ്മണരെ വരുത്തി അവർക്കായി അതിനെ ദാനംചെയ്തു അങ്ങനെ ഇവിടത്തെ സകല അവകാശങ്ങളും അധികാരങ്ങളും യജമാനത്വവും ബ്രാഹ്മണർക്കും ദാസ്യവൃത്തി മുതലായ എല്ലാ ഏർപ്പാടുകളും നടപടികളും മലയാളിനായന്മാർക്കും സിദ്ധിച്ചു' എന്നാണു പരശുരാമകഥയുടെ വ്യവഹാരഫലമായി സ്വാമികൾ തിരിച്ചറിഞ്ഞത്.

ഈ പുരാവൃത്തത്തെ സാധൂകരിക്കുന്ന പ്രമാണങ്ങൾ സ്കാന്ദപുരാണത്തിലും കേരളമാഹാത്മ്യത്തിലും കേരളോത്പത്തിയിലും കേരളാചാരത്തിലും വ്യക്തമായി അടയാളപ്പെടുത്തിയിട്ടുണ്ട്. തലമുറകളായി അംഗീകരിച്ചു വരുന്ന ഒരു വിശ്വാസമാണത്. ചരിത്രമായി മാറിയ ഈ പുരാവൃത്തത്തെ ഒരു യാഥാർത്ഥ്യമായിട്ടാണ് പ്രചരിപ്പിച്ചിരിക്കുന്നതും വിശ്വസിപ്പിച്ചിരിക്കുന്നതും. സാധാരണമായി വിശ്വാസത്തിൽ യുക്തി അന്വേഷിക്കുന്ന പതിവില്ല. ഒരു ആചാരം പോലെ നാട്ടുനടപ്പായി ഈ വിശ്വാസം ഓർമയിൽ, മനസ്സിൽ ഉറയ്ക്കുകയാണു ചെയ്യുന്നത്. വേരുറച്ച വിശ്വാസത്തെയാണു യുക്തിപരിശോധനയ്ക്കായി, പതിവിനു വിപരീതമായി സ്വാമികൾ തിരഞ്ഞെടുത്തത്. പൂർവ്വമാതൃകകൾ ഇല്ലാതിരുന്ന സാഹചര്യത്തിൽ സ്വന്തമായ രീതിശാസ്ത്രം ഉണ്ടാക്കിയെടുത്താണു സ്വാമികൾ പരിശോധനയ്ക്കു മുതിർന്നത്. മുറതെറ്റിച്ചുകൊണ്ടുള്ള ഈ ഇടപെടലിനു സമാനമായി ചൂണ്ടിക്കാണിക്കാൻ മുന്മാതൃകകളില്ല. ഒരു ദൃഢകൃതവ്യവഹാരത്തെ യുക്തിപരിശോധന നടത്തണമെന്ന ന്യായവാദത്തിന് ഒരുവിധത്തിലുള്ള സ്വീകാര്യതയും ലഭിക്കാനവസരമില്ലാത്ത ധൈഷണികപരിതോവസ്ഥയിലാണു സ്വാമികൾ മാമൂലുകളെ മറികടന്നു പുരാവൃത്തപരിശോധന നടത്തിയത്. പ്രാരംഭത്തിൽത്തന്നെ രണ്ടു കാര്യങ്ങൾ പറഞ്ഞുറപ്പാക്കേണ്ടതുണ്ട്. ഒന്നാമതായി വിശ്വാസങ്ങൾക്ക് അപ്പുറം പുരാവൃത്തങ്ങൾ ഒരു ഭാഷോത്പന്നമാണെന്ന് സ്വാമി തിരിച്ചറിയുന്നു. മലയാളത്തിൽ പുരാവൃത്തങ്ങളെക്കുറിച്ച് പുതിയൊരു അവബോധം രൂപവത്കരിക്കുകയായിരുന്നു സ്വാമികൾ ഇതിലൂടെച്ചെയ്തത്. ഭാഷോത്പന്നമായി പരിഗണിച്ചതോടെ അതു വിശകലനവിധേയമാക്കാമെന്നതിനുള്ള സാധൂകരണവുമായി. പൂർവ്വമാതൃകകളില്ലാത്ത പുരാവൃത്തപഠനത്തിനു മലയാളത്തിൽ നാന്ദികുറിച്ചുകൊണ്ടു മാതൃക നിർമിച്ചുവെന്നതാണു രണ്ടാമതായി പരിഗണിക്കേണ്ടകാര്യം.

## ചട്ടമ്പിസ്വാമികളുടെ പുരാവൃത്താപഗ്രഥനമാതൃക

ദ്വിമുഖപ്രതിയോഗങ്ങളെക്കുറിച്ചുള്ള ആശയം ആദ്യം രൂപപ്പെട്ടതു ഘടനാവാദചിന്തയിലാണെന്നാണു പരക്കെയുള്ള വിശ്വാസം. 1916ൽ സസ്യൂറിന്റെ ഘടനവാദചിന്തയുടെ ഭാഗമായ ഈ ആശയം പുരാവൃത്തപഠനങ്ങളിൽ ലെവിസ്ട്രൗസ് പ്രയോഗിക്കുന്നത് 1955 ലാണ്. എന്നാൽ 1913 ൽ ദ്വിമുഖപ്രതിയോഗങ്ങളെ (binary opposition) മുൻനിർത്തിയുള്ള ഘടനാവിശകലനത്തിനു സ്വാമികൾ തുടക്കംകുറിച്ചിരുന്നുവെന്നാണു വസ്തുതകളിൽനിന്നു മനസ്സിലാകുന്നത്. ഇതിനു സ്വാമികൾ വിശ്വാസ്യതയും അവിശ്വാസ്യതയും ദ്വിമുഖപ്രതിയോഗങ്ങളായി പരിഗണിച്ചു. പൂർവ്വപക്ഷസാധൂകരണങ്ങളും പ്രമാണീകരണവും യുക്തിവിചാരണയ്ക്കുവിധേയമാക്കി, പ്രമാണവൈരുദ്ധ്യങ്ങൾ കണ്ടെത്തി നിഷേധയുക്തികൾ നിരത്തി നിഷേധിച്ച് അവിശ്വാസ്യത തെളിയിച്ചു ബദൽനിർമിതി സാധ്യമാക്കിയെന്നതായിരുന്നു സ്വാമികളുടെ ദ്വിമുഖപ്രതിയോഗവിശകലനത്തിന്റെ രീതിശാസ്ത്രം.

ദ്വിമുഖപ്രതിയോഗം
⇓
വിശ്വാസ്യത ⇔ അവിശ്വാസ്യത
⇓ ⇓ ⇓ ⇓ ⇓
സാധൂകരണം പ്രമാണീകരണം യുക്തിവിചാരണ പ്രമാണവൈരുദ്ധ്യം നിഷേധം
⇓
ബദൽനിർമിതി

പുരാവൃത്തങ്ങളുടെ ഘടന എന്തെന്നും അവയിലുൾച്ചേർന്നിരിക്കുന്ന ഘടകങ്ങൾ ഏതെല്ലാമെന്നും അവ പങ്കിടുന്ന ബന്ധം എന്താണെന്നും പരിശോധിച്ചറിയേണ്ടതു പുരാവൃത്തപഠനത്തിൽ പ്രധാനമാണെന്നു ലെവിസ്ട്രൗസ്സിന്റെ പഠനമാതൃക നമ്മെ ബോദ്ധ്യപ്പെടുത്തി. പുരാവൃത്തവിശകലനത്തിൽ ഈ മാതൃക ഇന്നു ലോകപ്രശസ്തി നേടിയിട്ടുണ്ട്. ഈ പഠനം വരുന്നതിനു 40 വർഷങ്ങൾക്കുമുൻപ് ഘടനാത്മകപുരാവൃത്തപഠനം മലയാളത്തിൽ അരങ്ങേറി. പൂർവമാതൃകകളില്ലാതിരുന്ന കാലത്താണു ധൈഷണികമായ ഈ മുന്നേറ്റം മലയാളത്തിന് ആർജ്ജിക്കാനായത്.

പരശുരാമകഥയുടെ കാര്യകാരണബന്ധത്തിൽ ഊന്നിക്കൊണ്ടുള്ള സത്യാന്വേഷണമായിരുന്നു സ്വാമികൾ നിർവ്വഹിച്ചത്. പുരാവൃത്തത്തിന്റെ വിശ്വാസ്യതയും അവിശ്വാസ്യതയും കേന്ദ്രമാക്കിക്കൊണ്ടുള്ള പരിശോധനയാണു നടന്നത്. 'നടന്നതോ നടക്കുന്നതോ ആയ ഒരു സംഗതിയുടെ കാരണം അറിയുന്നതിനായി വിചാരണചെയ്യുമ്പോൾ അതു സംബന്ധമായ സാക്ഷിമൊഴി പ്രമാണവും പൂർവാപരവിരുദ്ധമായും പരസ്പരവിരുദ്ധമായും കാണപ്പെടുന്നുവെങ്കിൽ അത് അവിശ്വാസ്യവും ത്യാജ്യവും ആണെന്നും ഒരേ പ്രകാരം യുക്ത്യനുഭവങ്ങൾക്കു ചേർന്നിരിക്കുന്നുവെങ്കിൽ വിശ്വാസ്യവും സ്വീകാര്യവും ആണെന്നുമുള്ളതു സർവ്വസമ്മതമാണല്ലോ. ഒരു ലോകതത്ത്വത്തെ

അവതരിപ്പിച്ചുകൊണ്ടു പുരാവൃത്തവിചാരണയ്ക്കു സ്വാമികൾ മുതിർന്നത് ഇങ്ങനെയാണ്. ഇതിനദ്ദേഹം വിശ്വാസം -അവിശ്വാസം എന്ന ദ്വിമുഖപ്രതിയോഗമാണു കണക്കിലെടുത്തത്. പുരാവൃത്തത്തെ ചോദ്യംചെയ്യാനാകാത്ത മനോഭാവത്തിനെതിരെയുള്ള കലാപമായി ഈ ഇടപെടലിനെ കാണേണ്ടതുണ്ട്. വ്യവഹാരങ്ങൾക്കു ദ്വിമുഖസാന്നിദ്ധ്യം കാണാമെന്ന ബോധത്തോടെ വ്യവഹാരപരിശോധന നടത്തുന്ന മലയാളത്തിലെ ആദ്യാനുഭവമായിരുന്നു ഇത്. ഈ ദ്വന്ദ്വമുഖങ്ങളിൽ ഏത് ഏതിന്റെ മുകളിൽ അംഗീകാരം നേടിയിരിക്കുന്നുവെന്നറിയണമെങ്കിൽ വിശ്വാസ-അവിശ്വാസപ്രതിയോഗപരിശോധന വേണമെന്ന ബോദ്ധ്യം സ്വാമികൾക്കുണ്ടായിരുന്നു. വ്യവഹാരങ്ങളുടെ കാപട്യം തെളിയിക്കാൻ ഈ പ്രതിയോഗപരിശോധനയ്ക്കാകും.

പുരാവൃത്തം

⇓

ആഖ്യാനം

⇓

ആഖ്യാനഘടകങ്ങൾ

| ⇓ | ⇓ | ⇓ | ⇓ | ⇓ |
|---|---|---|---|---|
| സാധൂകരണ യുക്തികൾ | പ്രമാണീകരണം | യുക്തിവിചാരം | പ്രമാണ പരിശോധന | നിഷേധ യുക്തികൾ |

നോക്കുക, പുരാവൃത്തത്തെ ഭാഷാഖ്യാനമായി പരിഗണിച്ച് അതിലെ മുഖ്യമായ ആഖ്യാനഘടകങ്ങളെ വേർതിരിച്ചുകാണിച്ചിരിക്കുന്നത്. അവയോരോന്നും ആഖ്യാനത്തിൽ ഏതുവിധത്തിൽ സാധൂകരണയുക്തികൾ ഉൾക്കൊള്ളുന്നുവെന്നും അവയെ പ്രമാണീകരിച്ചിരിക്കുന്നതെങ്ങനെയെന്നും യുക്തിവിചാരണചെയ്ത്, പ്രമാണവൈരുദ്ധ്യങ്ങൾ കണ്ടെത്തി നിഷേധയുക്തികളുടെ അടിസ്ഥാനത്തിൽ ആഖ്യാനത്തിന്റെ അവിശ്വാസ്യത വെളിപ്പെടുത്തുകയുമാണു സ്വാമികൾ ചെയ്തത്.

ആഖ്യാനത്തിലെ പ്രധാനഘടകങ്ങളെ തിരിച്ചറിയുക എന്നതാണു സമീപനത്തിലെ ആദ്യപടി. ഇതിനായി മലയാളഭൂമി ഉണ്ടാക്കാനുള്ള ഹേതു, മലയാളഭൂമി ഉണ്ടാക്കാനുള്ള കൃത്യം, മലയാളഭൂമിയുടെ അതിർത്തിയും വിസ്തീർണവും, മലയാളഭൂമി ദാനത്തിനുള്ള കാരണം എന്നിങ്ങനെ നാലുഘടകങ്ങളെ തിരിച്ചറിയുന്നു. ഇവ ഓരോന്നും ആഖ്യാനത്തിന്റെ ഉൾത്തുണകളാണ്. വിശദമായ യുക്തിവിചാരണയ്ക്കു വിധേയമാക്കികൊണ്ട് ഇവയുടെ സത്യമൂല്യം പരിശോധിച്ചറിയുകയും വിശ്വാസ്യതയുടെ ന്യായയുക്തിപ്രകാരം ഉണ്ട് / ഇല്ല പ്രതിയോഗമനുസരിച്ച് പരിശോധന നടത്തുകയും ചെയ്യുന്നു. ഇതുവഴി ആഖ്യാനത്തിലെ പ്രമുഖഘടകങ്ങളുടെ സത്യമൂല്യം അറിഞ്ഞ് ആഖ്യാനത്തിന്റെ വിശ്വാസ്യത തിരിച്ചറിയാമെന്നു സ്വാമികൾ കാട്ടിത്തന്നു. പുരാവൃത്തഭാഷയിലെ അവിശ്വാസ്യതയെ / വിശ്വാസ്യതയെ തുറന്നുകാട്ടിക്കൊണ്ട് നിഷേധിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും എന്താണ്

എന്നു യുക്തിവിചാരം പൂർത്തിയാക്കുന്നു. പിന്നാലെ ആഖ്യാനത്തിലെ സാധൂകരണം എങ്ങനെ നിർമ്മിക്കപ്പെടുന്നുവെന്നു വ്യക്തമാക്കുന്നു. നിഷേധത്തിന്റെ സാധ്യതയാണ് ഈ ദ്വിമുഖപരിശോധന പകർന്നുനല്കുന്നത്. അങ്ങനെയാണു ദാനകാരണനിഷേധം, മലയാളബ്രാഹ്മണരെ പരശുരാമൻ കൊണ്ടുവന്നിട്ടില്ല, മലയാളഭൂമിയെ പരശുരാമൻ ദാനംചെയ്തിട്ടില്ല, മലയാളഭൂമി ഭാർഗ്ഗവനുള്ളതല്ല എന്നീ അധ്യായങ്ങളിലൂടെ സ്വാമികൾ പുരാവൃത്തത്തിന്റെ അവിശ്വാസ്യതയും തട്ടിപ്പും വ്യക്തമാക്കുന്നത്. യുക്തിരഹിതമായ വ്യവഹാരമാണിതെന്നു തെളിയിച്ചുകൊണ്ട്, പ്രമാണീകരിച്ചിരിക്കുന്ന പുരാവൃത്തത്തിന്റെ ബദൽവ്യാഖ്യാനം പൂർത്തീകരിക്കുമ്പോൾ സ്വാഭാവികമായും പില്ക്കാലത്തു ദെറീദ മുന്നോട്ടുവച്ച അപനിർമിതിയുടെയും അൽത്തൂസറിന്റെ പ്രത്യയശാസ്ത്രവിശകലനത്തിന്റെയും നേരുകൾ തെളിയുന്നതു കാണാം.

## ആഖ്യാനഘടകങ്ങൾ

ലെവിസ്ട്രൗസ് മിത്തിലെ അടിസ്ഥാനഘടകങ്ങളെ മിതീമുകൾ എന്നാണു വിളിച്ചത്. ആഖ്യാനത്തിലെ അടിസ്ഥാനഘടകങ്ങൾ സ്വാമികളും തിരിച്ചറിയുന്നുണ്ടെങ്കിലും അദ്ദേഹം പ്രത്യേകപേരുകൾ നല്കിയിട്ടില്ല. നാലുഘടകങ്ങളാണ് ഈ ആഖ്യാനത്തിൽ തിരിച്ചറിഞ്ഞത്.

1. മലയാളഭൂമി ഉണ്ടാക്കാനുള്ള ഹേതു: ക്ഷത്രിയനിഗ്രഹവും ഭൂമിദാനവും കഴിഞ്ഞു രാജ്യം കൈവിട്ട് ഇരിപ്പാൻ സ്ഥലമില്ലാതെയായ ഭാർഗ്ഗവന് സുബ്രഹ്മണ്യാനുഗ്രഹത്താൽ ഉണ്ടാക്കാൻ കഴിഞ്ഞതാണ് മലയാളഭൂമി.
2. മലയാളഭൂമി ഉണ്ടാക്കാനുള്ള കൃത്യം: പരശു എറിഞ്ഞു മലയാളഭൂമി ഉണ്ടാക്കി.
3. മലയാളഭൂമിയുടെ അതിർത്തിയും വിസ്തീർണവും പരാമർശിക്കുന്നതിൽ കേരളമാഹാത്മ്യവും കേരളോത്പത്തിയും മറ്റുഗ്രന്ഥങ്ങളും തമ്മിൽ അളവിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാഗ്രന്ഥങ്ങളിലും പരാമർശിക്കുന്നുണ്ട്.
4. മലയാളഭൂമിദാനത്തിനുള്ള കാരണം: ക്ഷത്രിയഹത്യമൂലമുണ്ടായ പാപപരിഹാരം ദാനകാരണമായി എല്ലാഗ്രന്ഥങ്ങളിലും കാണുന്നു.

മേല്പറഞ്ഞ നാല് ആഖ്യാനഘടകങ്ങളാണ് പുരാവൃത്തത്തിന്റെ മുഖ്യമായ അടിത്തൂണുകൾ. ഇവയെ കേന്ദ്രീകരിച്ചും സാധൂകരിച്ചുമുള്ള ആഖ്യാനമാണു പുരാവൃത്തശരീരം. ആഖ്യാനത്തിൽ ഇവയെയും ഇവയോടൊപ്പം കടന്നുവരുന്ന ഉപഘടകങ്ങളെയും യുക്തിവിചാരണയ്ക്കു വിധേയമാക്കിയാണ് നിഷേധം സാധിച്ചിരിക്കുന്നത്.

### 1. ദാനകാരണനിഷേധം

ഭാർഗ്ഗവനു ദാനകാരണമായി കല്പിച്ചിരിക്കുന്ന വീരഹത്യാദോഷം മലയാളഭൂമിദാനസന്ദർഭത്തിൽ ന്യായയുക്തമാണോ എന്നാണു സ്വാമികൾ പരിശോധിച്ചറിഞ്ഞത്. സ്വന്തം രാജ്യം ആദ്യമേ ദാനം ചെയ്തതിനൊപ്പം വീ

ഹത്യാദോഷവും ഇല്ലാതായെന്നും ഭാർഗ്ഗവൻ ആർജ്ജിച്ച തപോബലവും ജ്ഞാനവുംകൊണ്ട് പാപപുണ്യങ്ങളൊന്നും ബാധകമാവില്ല എന്നതുകൊണ്ടും ദാനകാരണം മലയാളഭൂമിസന്ദർഭത്തിൽ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ യോജിക്കുന്നില്ലാത്തതുകൊണ്ടും അത് അവിശ്വാസ്യമാണ്. തള്ളിക്കളയേണ്ടതാണെന്ന ബോദ്ധ്യംകൊണ്ടാണ് ദാനകാരണത്തെ സ്വാമികൾ നിഷേധിച്ചത്. കേരളമാഹാത്മ്യം, ഭഗവദ്ഗീത, സൂതസംഹിത, കൗഷീതകിബ്രാഹ്മണം, ബ്രഹ്മസൂത്രം, സ്മൃതി, ശ്രുതികൾ എന്നിവയെല്ലാം പരിശോധിച്ചറിഞ്ഞു പരശുരാമനു പാപലേശമില്ലെന്നും ദാനകാരണമില്ലെന്നും മനസ്സിലാക്കി കേരളാവകാശക്രമത്തിലെ ഭാർഗ്ഗവനു പാപമുണ്ടെന്ന പരാമർശത്തെ തള്ളിക്കളഞ്ഞു സ്വാമികൾ ദാനകാരണനിഷേധം ഉറപ്പിച്ചത്.

**2. മലയാളബ്രാഹ്മണരെ പരശുരാമൻ** കൊണ്ടുവന്നിട്ടില്ല

ഭൂമിദാനം ചെയ്യാനായി പരശുരാമൻ മറ്റിടങ്ങളിൽനിന്നു ബ്രാഹ്മണരെ വരുത്തി എന്നാണ് ആഖ്യാനം. അതോടൊപ്പം ദാനം സ്വീകരിച്ചവർക്കു പതിത്വം കൈവന്നുവെന്നും പറയുന്നുണ്ട്. വിശദമായ പ്രമാണപരിശോധനയും യുക്തിവിചാരണയും നടത്തി സ്വാമികൾ ഇതു രണ്ടും നിഷേധിച്ചു. ദാനസ്വീകരണം ബ്രാഹ്മണർക്ക് അനുവദിച്ചിട്ടുണ്ടെന്നു കേരളമാഹാത്മ്യവും കേരളാവകാശക്രമവും സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ദാനസ്വീകരണംവഴി പതിത്വംവന്നു ഭ്രഷ്ടരായെന്ന വാദത്തെ അങ്ങനെ സംഭവിക്കാൻ സാധ്യതയില്ലെന്നു കാര്യകാരണബന്ധം പരിശോധിച്ചു മലയാളബ്രാഹ്മണരെ പരശുരാമൻ കൊണ്ടുവന്നിട്ടുമില്ല ദാനം ചെയ്തിട്ടുമില്ല എന്ന യാഥാർത്ഥ്യത്തിനാണു ബ്രാഹ്മണരെക്കൊണ്ടുവന്നു ഭൂമിദാനം ചെയ്തുവെന്നതിനെക്കാൾ വിശ്വസനീയതയെന്നു തെളിയിക്കാൻ സ്വാമികൾക്കു കഴിഞ്ഞു.

**3. പരശുരാമൻ മലയാളഭൂമിയെ ദാനംചെയ്തിട്ടില്ല**

'കേരളമാഹാത്മ്യം, കേരളാവകാശക്രമം, ജാതിനിർണയം മുതലായവയിൽ മലയാളബ്രാഹ്മണരായ സകലരും 64 ഗ്രാമക്കാരിൽ ഉൾപ്പെട്ടവരാണെന്നും ഈ 64 ഗ്രാമക്കാർക്കും കൂടിയാണു പരശുരാമൻ മലയാളഭൂമിയെ ദാനംചെയ്തിട്ടുള്ളതെന്നും പറഞ്ഞിരിക്കുന്നു. എല്ലാവർക്കും കൊടുത്തു എന്നു പറഞ്ഞതു ശരിയാണെങ്കിൽ ദാനസ്വീകാരംകൊണ്ടു ചിലർക്കു മാത്രം പതിത്വം വന്നതെങ്ങനെ എന്നു നോക്കുമ്പോൾ കൈയിൽ വാങ്ങിയവർ (പൂവും നീരും സഹിതം) പാപികൾ, കൈയിൽ വാങ്ങാത്തവർ ഉത്തമർ എന്ന് ആ പ്രമാണങ്ങളിൽ സമാധാനം കാണുന്നു. കൈയിൽ വാങ്ങിയില്ലെങ്കിൽ അവകാശം എങ്ങനെ സിദ്ധിച്ചു എന്നുള്ള ചോദ്യത്തിനു കൈയിൽ വാങ്ങിയവർ തങ്ങൾക്കുവേണ്ടിയും മറ്റുള്ളവർക്കുവേണ്ടിയും കൂടി (കുറതീർത്തു അല്ലെങ്കിൽ പ്രതിനിധാനസ്ഥാനം വഹിച്ച്) വാങ്ങി എന്നും അങ്ങനെ വാങ്ങിയവർക്കു ഭൂമിയും പാപവും സിദ്ധിക്കുകയും മറ്റുള്ളവർക്കു പാപം കൂടാതെ ഭൂമി മാത്രം സിദ്ധിക്കുകയും ചെയ്തു എന്നും മറുപടി കിട്ടുന്നു. എന്നാൽ ഈ 64

ഗ്രാമക്കാരിൽത്തന്നെ പലർക്കും ജന്മിത്വമില്ലാതെ ഇരിക്കുന്നല്ലോ, കുറതീർ ത്തുവാങ്ങിയതിൽ ഇവരെ ഉൾപ്പെടുത്താത്തതെന്ത് എന്നുള്ള ചോദ്യത്തിന് സമാധാനമേ കാണുന്നില്ല. മുൻപിലത്തെ ചോദ്യങ്ങൾക്കുള്ള സമാധാന ങ്ങൾ സ്വീകാര്യങ്ങളല്ലായ്കയാലും ഒടുവിലത്തെ ചോദ്യത്തിനു സമാധാനമി ല്ലായ്കയാലും 64 ഗ്രാമക്കാരിൽ എല്ലാവർക്കുംകൂടി പരശുരാമൻ മലയാളഭൂമി യെ ദാനംചെയ്തു എന്നു പറഞ്ഞിരിക്കുന്നതു സാധുവല്ല'.

ഇങ്ങനെ യുക്തിവിചാരണയിലൂടെ കാര്യകാരണബന്ധം പരിശോധി ച്ച് പ്രമാണഗ്രന്ഥങ്ങളിലെ പ്രസ്താവനകളിലെ വിടവുകൾ കണ്ടെത്തി പരശു രാമൻ മലയാളഭൂമി ദാനം ചെയ്തിട്ടില്ല എന്ന ന്യായവാദം സ്വാമികൾ ഉന്ന യിച്ചു. എന്നുമാത്രമല്ല മലയാളഭൂമി ഭാർഗ്ഗവനുള്ളതല്ല എന്നും തെളിയിച്ചു. പൂർവ്വപക്ഷമായി നിലയുറപ്പിച്ചിരുന്ന പരശുരാമപുരാവൃത്തത്തിന്റെ അലകും പിടിയും അഴിച്ചെടുത്തു യുക്തിവിചാരണചെയ്യാൻ സ്വാമികൾക്കായി. ആഖ്യാനത്തിലെ പ്രസ്താവനകളുടെ മർമം പരിശോധിച്ചറിഞ്ഞു, പ്രമാണങ്ങ ളിലെ സാധൂകരണയുക്തികളുടെ പൊള്ളത്തരം വെളിപ്പെടുത്തി പൂർണമായും ഈ ആഖ്യാനം അസംബന്ധമാണെന്നും സത്യത്തിന്റെ പിൻബലമില്ലാത്ത താണെന്നും തെളിയിച്ചുകൊണ്ടു നിഷേധിക്കാൻ സ്വാമികൾക്കു കഴിഞ്ഞു.

ഇതോടെ പുരാവൃത്താഖ്യാനങ്ങളിൽ യാഥാർത്ഥ്യമില്ലെന്നും അവ യൊക്കെ കപടാഖ്യാനങ്ങളാണെന്നും ഏതു ദൃഢീകൃതാഖ്യാനമാണെങ്കിലും യുക്തിവിചാരണയ്ക്കു വിധേയമാക്കി ബാഹ്യാർത്ഥത്തിൽ ഒളിപ്പിച്ചിരിക്കുന്ന താത്പര്യാർത്ഥം വെളിപ്പെടുത്തണമെന്നും അതിനായി ദ്വിമുഖപ്രതിയോഗ പരിശോധന നിർബന്ധമാണെന്നും തെളിയിച്ചു. കൂടാതെ, പുരാവൃത്തത്തെ സാധൂകരിക്കുന്ന പ്രമാണഗ്രന്ഥങ്ങളും പുരാവൃത്തത്തെപ്പോലെ തന്നെ ബ്രാ ഹ്മണതാത്പര്യം പ്രത്യക്ഷത്തിൽ നിലനിറുത്തുന്ന വ്യവഹാരങ്ങളാണെ ന്നും അവയെ പാഠാന്തരയുക്തിവിചാരണയിലൂടെ അവയിൽനിന്നു ബദൽയു ക്തികൾ തെളിയിച്ചെടുക്കണമെന്നും സ്വാമികൾ പുരാവൃത്തപഠനത്തിലൂടെ തെളിയിച്ചു.

**ഉപസംഹാരം**

ആഖ്യാനങ്ങളിലെ പ്രകടമായ അർത്ഥം വിശ്വസിപ്പിക്കലിന്റേതാണ്, വിശ്വാസ്യതയുടേതല്ല. അതുകൊണ്ട് അതിന്റെ ഗൂഢാർത്ഥം അറിയാൻ ദ്വി മുഖപ്രതിയോഗപരിശോധന സഹായിക്കും. 'ഉണ്ട്'' എന്നതിനു വിപരീത മായ 'ഇല്ല' എന്നതാണു ശരിയുക്തി. മറിച്ചുപറഞ്ഞിരിക്കുന്നതെല്ലാം ശരിയെ ന്നു വിശ്വസിക്കുകയല്ലവേണ്ടത്. ഇത്തരത്തിലുള്ള യുക്തിപരിശോധന ഇന്ന് ഏറെ ഉപയോഗിക്കപ്പെടുന്നുണ്ട്. ഉത്തരാധുനികമാതൃകകളെല്ലാം പ്രത്യയ ശാസ്ത്രതാത്പര്യങ്ങളായി തിരിച്ചറിയുന്ന ഘടനെയെയാണു സ്വാമികൾ തന്റെ പുരാവൃത്തപഠനമാതൃകയിൽ പരിശോധിച്ചറിഞ്ഞത്. സാർവലൗ കിക മിത്ത്പരിശോധനാമാതൃക ഉണ്ടാക്കുകയായിരുന്നില്ല സ്വാമികളുടെ ലക്ഷ്യം. എങ്കിലും വരുംകാലപഠനങ്ങൾക്ക് അത്തരം സാധ്യതകളെക്കുറി ച്ചും ആലോചിക്കാവുന്നതാണ്. സ്വാമികൾ നിർവഹിച്ച പുരാവൃത്തപഠന

മാതൃക കണ്ടെത്തി അതിന്റെ ചരിത്രപ്രാധാന്യം വ്യക്തമാക്കുകയായിരുന്നു ഈ പഠനത്തിൽ മുഖ്യമായി ചെയ്തത്.

തെറ്റ് / ശരിദ്വന്ദ്വത്തെ ആപേക്ഷികമായിട്ടാണ് ഇന്നു വിലയിരുത്തുന്നത്. പ്രധാനമായും തെറ്റും ശരിയും നിശ്ചയിക്കുന്നതു പ്രത്യയശാസ്ത്രയുക്തികളാണ്. വ്യവഹാരത്തിലെ ബ്രാഹ്മണീയാധീശത്വത്തെ പാടിപ്പുകഴ്ത്തുകയല്ല വേണ്ടതെന്ന നിശ്ചയമാണു ബദൽപാരായണത്തിലേക്കും നിഷേധയുക്തി വിചാരത്തിലേക്കും സ്വാമികളെ നയിച്ചത്. ഇരുപതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ വികസിച്ച ആശയലോകത്തോട് സ്വാമികളുടെ സമീപനം എത്ര അടുത്തുനില്ക്കുന്നുവെന്നതാണു പുരാവൃത്തപഠനമാതൃകയുടെ സമകാല പ്രസക്തി. സ്വാമികൾ രൂപവത്കരിച്ച ഈ മാതൃകയ്ക്കു ഭാഷാശാസ്ത്രത്തിൽ, പ്രത്യേകിച്ച്, ആർത്ഥികവിജ്ഞാനത്തിലും ആഖ്യാനവിജ്ഞാനത്തിലും വിപുലമായ സാധ്യതയുണ്ട്. അതു തിരിച്ചറിയാതെപോയി എന്നതു മലയാളധൈഷണികമണ്ഡലത്തിൽ സംഭവിച്ച അപാകമാണ്. ഭാഷാഖ്യാനങ്ങളോടുള്ള സ്വാമികളുടെ സമീപനത്തെ മനസ്സിലാക്കിയിരുന്നുവെങ്കിൽ മലയാളഭാഷാശാസ്ത്രം കൂടുതൽ തനതുശേഷി കൈവരിക്കുമായിരുന്നു.

## ഗ്രന്ഥസൂചി


Levistrauss, Claude, 1955. 'The Structural Study of Myth', Journal of American Folklore, 68, 270, pp. 428 - 44. [Chapter 11 of SA is modified version. Also reprinted in T. Seboek, Myth: A Symposium. University of Indiana Press, 1965]

Sreenathan M & Rao V R 2008, Andamanese Mythical Signatures Linking Gondwana Mythology With The Laurasian Cluster, MOTHERTONGUE 13: 249-264, ASLIP, Journal of the Association for the study of language in prehistory, Harward, USA

Witzel Michael, 2012. The Origins of the World's Mytgologies, OUP, USA. ISBN:0199812853, 9780199812851

ചട്ടമ്പിസ്വാമികൾ, (1913) 2019. പ്രാചീനമലയാളം (ഒന്നാംഭാഗം), സെന്റർ ഫോർ സൗത്ത് ഇന്ത്യൻ സ്റ്റഡീസ്, തിരുവനന്തപുരം.

ശ്രീതീർത്ഥപാദാശ്രമം 2015 ശ്രീവിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും, വാഴൂർ, തീർത്ഥപാദാശ്രമം.